**SET C** **Bio**

ഉത്തരസൂചിക

| Item/ Qn. No. | Score | Answer/Value Points | Further Information |
|---|---|---|---|
| 1 | 1 | ഹോമോ നിയാണ്ടെർത്തലിൻസിസ് | |
| 2 | 1 | പ്രസ്താവന ഒന്ന് ശരി രണ്ട് തെറ്റ്. | |
| 3 | 1 | P-3, Q-5, R-2, S-1 | |
| 4 | 1 | c) ii,iii | |
| 5A | 1 | A. വലയപേശികൾ സങ്കോചിക്കുന്നു<br>B. റേഡിയൽ പേശികൾ സങ്കോചിക്കുന്നു | |
| | 1 | ▪ തീവ്ര പ്രകാശത്തിൽ വലയപേശികൾ സങ്കോചിക്കുന്നു<br>▪ മങ്ങിയപ്രകാശത്തിൽ റേഡിയൽ പേശികൾ സങ്കോചിക്കുന്നു. | |
| 5B | 1 | I. ഗ്ലൂട്ടാമേറ്റ് | |
| | 1 | ▪ ഗ്ലൂട്ടാമേറ്റ് തുടർച്ചയായി ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ ഓൺ ബൈപോളാർ കോശങ്ങൾ പ്രവർത്തനരഹിതമാകുകയും ഓഫ് ബൈപോളാർ കോശങ്ങൾ ഉത്തേജിക്കപ്പെടുകയും ചെയ്യുന്നു<br>▪ പ്രകാശത്തിന്റെ അഭാവം സൂചിപ്പിക്കുന്ന സന്ദേശങ്ങൾ മസ്തിഷ്കത്തിൽ എത്തുന്നു. ഇരുട്ട് അനുഭവപ്പെടുന്നു. | |
| 6 | 1 | I. DNA ഫിംഗർ പ്രിന്റിങ് | |
| | 1 | ii. DNAയിലെ ന്യൂക്ലിയോട്ടൈഡുകളുടെ ക്രമീകരണം ഓരോ വ്യക്തിയിലും | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | വ്യത്യസ്തമായിരിക്കും. ഈ പ്രത്യേകത വ്യക്തികളെ തിരിച്ചറിയാൻ സഹായിക്കുന്നു | |
| 7 | 1 | i. മലേറിയ | |
| | 1 | ii. മലേറിയയുടെ രോഗവാഹി കൊതുകായതിനാൽ കൊതുകു നശീകരണ മാർഗങ്ങൾ സ്വീകരിക്കണം, കൊതുക് പെരുകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം<br>iii. ക്ഷയം, എലിപ്പനി | |
| 8 | 1 | പരിസ്ഥിതിയിലെ ഭക്ഷ്യസ്രോതസ്സു കളുടെ ലഭ്യതക്കനുസരിച്ച് അനുയോജ്യമായ ആകൃതിയോ വലുപ്പമോ ഉള്ള കൊക്കുള്ള കുരുവികൾ അതിജീവിക്കുന്നു. | |
| | 1 | അനുയോജ്യമായ വ്യതിയാനങ്ങൾ വരും തലമുറകളിലേക്ക് കൈമാറുന്നു. കൂടുതൽ വ്യതിയാനങ്ങൾ തലമുറ തലമുറയായി കൂടി പരസ്പരം പ്രത്യുല്പാദന സാധ്യതയില്ലാത്ത ജീവികൾ ഉണ്ടാവുന്നു. അവ പുതിയ ജീവിവർഗമായി (species) മാറുന്നു. | |
| 9 | 1 | ട്രാൻസ്ലേഷൻ | |
| | 1 | അമിനോആസിഡുകളെ കൂട്ടിച്ചേർത്തു പ്രോട്ടീൻ നിർമ്മിക്കുന്ന പ്രവർത്തനം നടക്കാത്തതിനാൽ പ്രോട്ടീൻ നിർമ്മാണം തടസ്സപ്പെടും, ഇത് മെറ്റാബൊളിസത്തെ തകരാറിലാക്കും | |
| 10 | | I. തന്മാത്രാജീവശാസ്ത്രം | |
| | | മനുഷ്യരുമായി പരിണാമപരമായി ഏറ്റവും അടുത്ത് നിൽക്കുന്ന ജീവിയാണ് ചിമ്പാൻസി കാരണം മനുഷ്യരിലേയും ചിമ്പാൻസിയിലെയും ഗ്ലോബിൻ | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | തന്മാത്രയിൽ ബീറ്റ ശൃംഖലയിലെ അമിനോആസിഡുകളിൽ വ്യത്യാസമില്ല പിന്നീട് അടുത്ത ബന്ധം ഉള്ള ജീവി ഗോറില്ലയാണ് കാരണം ഒരു അമിനോ ആസിഡ് വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ വിദൂരമായ ബന്ധം ഉള്ള ജീവിയാണ് എലി. കാരണം 31 അമിനോആസിഡുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | |
| 11A | 1 | a. ഫംഗസ് | |
| | 1 | b. ഇലകളിലും തണ്ടുകളിലും നനഞ്ഞ പാടുകൾ<br>ഇലകൾ കൊഴിയുകയും ചെടി പെട്ടെന്ന് വാടുകയും ചെയ്യുന്നു | |
| 11B | 1 | രക്ത ഗ്രൂപ്പ് D ആന്റിജന്റെ (Rh factor) സാന്നിധ്യം എന്നിവയാണ് ദാതാവും സ്വീകർത്താവുമായുള്ള പൊരുത്തത്തിൽ പ്രാഥമികമായി പരിഗണിക്കേണ്ടത്. | |
| | 1 | സ്വീകർത്താവിന്റെ രക്തത്തിൽ സ്വാഭാവികമായി ഇല്ലാത്ത ആന്റിജൻ ദാതാവിന്റെ രക്തം വഴി എത്തിയാൽ അതിനെതിരെ സ്വീകർത്താവിന്റെ പ്ലാസ്മയിലെ ആന്റിബോഡികൾ പ്രവർത്തിച്ച് രക്തം കട്ടപിടിക്കുന്ന അവസ്ഥ ഉണ്ടാകും. | |
| 12 | 1 | CRISPR സാങ്കേതികവിദ്യ | |
| | 1 | ഗൈഡ് RNA കൃത്യമായി മുറിക്കേണ്ട<br><br>DNAഭാഗം കണ്ടെത്തുന്നു | |
| | 1 | ഒരു ജീവിയുടെ സ്വഭാവത്തിൽ മാറ്റം വരുത്താൻ ആവശ്യമായ രീതിയിൽ DNAയിലെ നൈട്രജൻ ബേസ്കളുടെ ക്രമീകരണം എഡിറ്റ് ചെയ്യുന്നു. അതിലൂടെ | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | ആവശ്യമില്ലാത്ത ഗുണം നീക്കാനോ, പുതിയ ഗുണം ചേർക്കാനോ കഴിയും | |
| 13 | 1 | i. കോൺ കോശത്തെ സൂചിപ്പിക്കുന്നു | |
| | 1 | ii. മൂന്ന് തരത്തിലുള്ള കോൺകോശങ്ങളുണ്ട്. എസ്-കോൺകോശങ്ങൾ ഹ്രസ്വ തരംഗദൈർഘ്യത്തിലായിരിക്കും (നീല വെളിച്ചം), എം-കോൺകോശങ്ങൾ ഇടത്തരം തരംഗദൈർഘ്യത്തിലായിരിക്കും (പച്ച വെളിച്ചം), എൽ-കോൺകോശങ്ങൾ ദീർഘ തരംഗദൈർഘ്യത്തിലായിരിക്കും (ചുവന്ന വെളിച്ചം). നന്നായി സംവേദനശേഷി കാണിക്കുന്നു. | |
| | 1 | iii. പ്രകാശത്തിന്റെ തീവ്രതയെയും തരംഗദൈർഘ്യത്തെയും ആശ്രയിച്ച് വർണ്ണപ്രകാശം പ്രത്യക്ഷപ്പെടുമ്പോൾ, മൂന്നു തരത്തിലുള്ള കോൺകോശങ്ങളും വ്യത്യസ്ത അനുപാതത്തിൽ ഉത്തേജിക്കപ്പെടുന്നതിനാൽ വർണ്ണക്കാഴ്ച സാധ്യമാകും | |
| 14A | 1 | i. AIDS<br>വൈറസ് മനുഷ്യ ശരീരത്തിലെ T ലിംഫോസൈറ്റുകളെ ആക്രമിക്കുകയും ജനിതക സംവിധാനം ഉപയോഗിച്ച് പെരുകി അവയെ നശിപ്പിക്കുകയും ചെയ്യുന്നു. ഇതുമൂലം രോഗപ്രതിരോധ ശേഷി കുറയുന്നു | |
| | 2 | ii. HIVബാധിതരുമായുള്ള ലൈംഗികബന്ധം ഒഴിവാക്കുക, അണുവിമുക്തമല്ലാത്ത | ചിന്തിച്ച് ഉത്തരം |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | സൂചി സിറിഞ്ച് എന്നിവ പങ്കുവയ്ക്കാതിരിക്കുക . രക്തം അവയവം എന്നിവ സ്വീകരിക്കുമ്പോൾ പരിശോധനകൾ ഉറപ്പുവരുത്തുക | എഴുതേണ്ട ഭാഗമായ തിനാലും സ്വതന്ത്രമായി ചിന്തിക്കാൻ സാധ്യതയുള്ളതിനാലും കുട്ടികൾ എഴുതുന്ന ഉത്തരം വ്യത്യസ്തതാരത്തിലാകാം അതും കൂടി പരിഗണിക്കണം |
| 14B | 2 | മുറിവ് ഉണ്ടാകുമ്പോൾ, ആ സ്ഥലത്തെ പ്ലേറ്റ്ലറ്റുകളും പരിക്കേറ്റ കലകളും ത്രോംബോപ്ലാസ്റ്റിൻ എന്ന എൻസൈമിനെ ഉൽപാദിപ്പിക്കുന്നു. ഇത് രക്തപ്ലാസ്മയിലുള്ള പ്രോത്രോംബിൻ എന്ന പ്രോട്ടീനിനെ ത്രോംബിനായി മാറ്റുന്നു.<br><br>ത്രോംബിൻ ഫൈബ്രിനോജനിന്റെ നിഷ്ക്രീയ പ്രോട്ടീനിനെ ഫൈബ്രിനായി മാറ്റുന്നു. ഫൈബ്രിൻ നാരുകൾ ഉണ്ടാക്കുന്ന വലക്കണ്ണികളിൽ ചുവന്ന രക്തകണങ്ങൾ അകപ്പെട്ട് രക്തക്കട്ട രൂപപ്പെടുകയും ചെയ്യുന്നു. | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | മുറിവ് ഉണങ്ങുന്നതുവരെ ഇത് കൂടുതൽ രക്തനഷ്ടം തടയുന്നു. | |
| | 1 | രോഗാണു പ്രവേശനം കൂടി തടയാനുള്ള മാർഗമാണ് രക്തം കട്ട പിടിക്കൽ | |
| 15 | 1 | TP, tP | |
| 16 | 2 | ഉയരക്കുറവ് പർപ്പിൾ പൂക്കൾ എന്ന ഗുണം മാതൃ സസ്യങ്ങളിൽ ഇല്ല. അതാണ് സന്താനങ്ങളിൽ ഉണ്ടായത്. (ttPp) രണ്ടോ അതിലധികമോ വ്യത്യസ്ത സ്വഭാവങ്ങൾ കൂട്ടിച്ചേരുമ്പോൾ, അവയിൽ ഓരോ സ്വഭാവവും പരസ്പരം കൂട്ടിക്കലരാതെ സ്വതന്ത്രമായി അടുത്ത തലമുറയിലേക്ക് വ്യാപരിക്കുന്നു./ഒരു ജീവിയുടെ ഒരു ജോഡിയിലുള്ള അലീലുകൾ മറ്റൊരു ജോഡിയിലുള്ള അലീലുകളുടെ വേർപെടലിനെ സ്വാധീനിക്കുന്നില്ല | |
| 16A | 1 | തൈറോയ്ഡ് ഗ്രന്ഥി | |
| | 2 | പാരാതൊർമോൺ<br>വൃക്കകളിൽ കാൽസ്യം, ഫോസ്ഫേറ്റ് എന്നിവയുടെ രക്തത്തിലേക്കുള്ള പുനരാഗിരണം ത്വരിതപ്പെടുത്തുന്നു<br>അസ്ഥിയിൽ നിന്നും കാൽസ്യം, ഫോസ്ഫേറ്റ് എന്നിവ രക്തത്തിൽ കലരുന്ന പ്രവർത്തനം ഉത്തേജിപ്പിക്കുന്നു<br>കുടലിൽ വച്ച് ഭക്ഷണത്തിൽ നിന്നും രക്തത്തിലേക്കുള്ള കാൽസ്യത്തിന്റെ ആഗിരണത്തെ ത്വരിതപ്പെടുത്തുന്നു | ഏതെങ്കിലും 2 പോയിന്റ് |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| 16B | 1 | i. കോർട്ടിക്കോ സ്റ്റിറോയിഡുകൾ | |
| | 2 | കോർട്ടിസോൾ<br>▪ ഗ്ലൂക്കോസിന്റെ ആന്തരസമസ്ഥിതി നിലനിർത്തുന്നു.<br>▪ പ്രതിരോധ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു<br>▪ ശരീരത്തിന്റെ വീക്കം, അലർജി എന്നിവ പ്രതിരോധിക്കുന്നു<br>അൽഡോസ്റ്റീറോൺ<br>• ശരീരത്തിലെ ലവണസന്തുലനത്തിന് സഹായിക്കുന്നു.<br>• രക്തസമ്മർദ്ദം ക്രമീകരിക്കുന്നു.<br>ആൻഡ്രോജൻ<br>• ലൈംഗിക വളർച്ചയെ നിയന്ത്രിക്കുന്നു.<br>• ലൈംഗിക സ്വഭാവങ്ങളെ നിയന്ത്രിക്കുന്നു | ഏതെങ്കിലും രണ്ടു ഹോർമോണുകളും അവയുടെ ധർമ്മവും |
| 17 | 1 | i. ചിത്രം പകർത്തിവരക്കുന്നതിന് | |
| | 1 | ഹൈപ്പോതലാമസ് : ആന്തര സമസ്ഥിതിപാലനം | |
| | 1 | സെറിബെല്ലം : പേശീ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് | |
| 18A | 1 | i. ഓക്സിൻ, പ്രകാശട്രോപിക ചലനം | |
| | 3 | ii. ഓക്സിനുകൾക്ക് പ്രകാശത്തിൽ നിന്നും അകന്നു നിൽക്കാനുള്ള പ്രവണത ഉണ്ട്. സസ്യ കാണ്ഡത്തിന്റെ ഒരു ദിശയിൽ നിന്നു മാത്രം പ്രകാശം ലഭിക്കുമ്പോൾ ഓക്സിൻ കാണ്ഡത്തിന്റെ എതിർ | |

© State Assessment Cell, SCERT Kerala

| | | | |
|---|---|---|---|
| | | വശത്തേക്ക് നീങ്ങുന്നു. അവിടെ ഉള്ള കോശങ്ങളിലെ ഹോർമോൺ റിസപ്റ്ററുകളുമായി കൂടിച്ചേർന്ന് ഹോർമോൺ റിസപ്റ്റർ കോംപ്ലക്സ് രൂപപ്പെടുകയും അതിന്റെ ഫലമായി കോശ പ്രവർത്തനങ്ങളിൽ മാറ്റം വരുകയും ചെയ്യുന്നു. നിഴൽ വശത്തെ കോശങ്ങൾ ദീർഘീകരിക്കുകയും, കോശ ദീർഘീകരണം സംഭവിച്ച ഭാഗം മറുവശത്തേക്ക് വളയുകയും ചെയ്യുന്നു. | |
| 18B | 1 | iസൊമാറ്റോട്രോപ്പിൻ<br>റിലീസിംഗ് ഹോർമോൺ /ഇൻഹിബിറ്ററി ഹോർമോൺ | |
| | 3 | വാമനത്വം -ശരീര വളർച്ച മുരടിക്കുന്നു<br>ഭീമാകാരത്വം- അമിതമായ ശരീര വളർച്ച<br>അക്രോമെഗാലി -കൈപ്പത്തി കാൽപ്പാദങ്ങൾ താടിയെല്ല് എന്നീ ശരീര ഭാഗങ്ങൾ അമിതമായി വളരുന്നു | |

© State Assessment Cell, SCERT Kerala